# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2986

### 18-10-2016 ലെ മറുപടിക്ക്

## കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ 16-ാം വകുപ്പനുസരിച്ച് ബോർഡിന്റെ കഴിഞ്ഞ വർഷത്തെ വർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | 1999 ലെ കേരള അടിസ്ഥാന സ്വകാര്യ നിധി ആക്ട് പ്രകാരം നിലവിൽവന്ന ധനകാര്യ സ്ഥാപനമാണ് കിഫ്ബി. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ടുകൊണ്ട് വൈദ്യുതഊർജ്ജം, റോഡുകൾ, ജലസേചനം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നത്. ഇതിനായി കിഫ്ബി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിച്ചിരുന്നെങ്കിലും സാദ്ധ്യമായ പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചില്ല. ആയതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചില്ല. കിഫ്ബിയുടെ പ്രവർത്തനം നടക്കാത്ത സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ. | |

| | |
|---|---|
| **(സി)** കിഫ് ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു വരെയുള്ളത് ആഡിറ്റ് ചെയ്തിട്ടുണ്ട്; ആരാണ് ഓഡിറ്റ് ചെയ്തത്; | കിഫ്ബിയുടെ കണക്കുകൾ യഥാവിധി ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമായുള്ള ശ്രീധർ & കമ്പനി ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആണ് കിഫ്ബിയുടെ ഓഡിറ്റ് ജോലി നിർവ്വഹിക്കുന്നത്. |
| **(ഡി)** ബോർഡിന്റെ കണക്കുകളും ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകളും ലഭ്യമാക്കാമോ? | ഏറ്റവും പുതിയ ഓഡിറ്റ് റിപ്പോർട്ടും അനുബന്ധ വിവരങ്ങളും ഇതോടൊപ്പം ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്